മിസ്റ്റർ. പി. കുമാരനെഴത്തച്ഛൻ: ഏതു നാട്ടിലെ ദിനസ്സാരുടെ ബന്ധുവാണിതു"?

Mr. President : Put the question for information, please,

മിസ്റ്റർ. കെ. എസ്സ്". പണിക്കർ: കൊച്ചിയിലെ മറേറതൊരു ദിനപത്രത്തിനും കൊടുക്കുന്നതിനേക്കാളും കൂടുതൽസംഖ്യ ഈ പത്രത്തിനു കൊടുക്കുന്നുണ്ടോ?

മിസ്റ്റർ. പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ. പി. കുമാരനെഴത്തച്ഛൻ: "ദിനബന്ധു"എന്നപറയുന്ന ദിനപ്പത്രത്തിനു" ഷെയർഹോൾഡേഴ്സായി മന്ത്രിമാരിൽ ആരെങ്കിലുമുണ്ടോ?

മിസ്റ്റർ. പി. ഗോവിന്ദമേനോൻ: ഉണ്ട്". നിങ്ങളുടെ പ്രധാനമന്ത്രിതന്നെ,

മിസ്റ്റർ. പി. കെ. ഡീവർ: ഈ രാജ്യത്തു നണ തീരെപറഞ്ഞിട്ടില്ലാത്ത വല്ല പത്രവുമുണ്ടോയെന്നു ഗവമ്മെണ്ടു അന്വേഷിക്കാമോ?

Mr. President : That question does not arise.

മിസ്റ്റർ. പി. ഗോവിന്ദമേനോൻ: ഗവമ്മെണ്ട് അതിനൊരുക്കമില്ല.

DISTURBANCES IN THE MAHARAJA'S COLLEGE IN AUGUST 1947—DETAILS REGARDING

14. മിസ്റ്റർ പി. നാരായണമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ഇക്കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ എറണാകുളം മഹാരാജാസ്" കോളേജ് വളപ്പിൽ വെച്ചുണ്ടായ വിദ്യാർത്ഥികളുടെ അടിപിടിയുടെ ഫലമായി എത്ര വിദ്യാർത്ഥികൾക്കാണ് ആസ്പത്രിയെ ശരണം പ്രാപിക്കേണ്ടിവന്നതു";

(ബി) പ്രസ്തുത വിദ്യാർത്ഥി ബഹളങ്ങൾക്കുണ്ടായ കാരണങ്ങൾ എന്തെല്ലാം ;

(സി) ഈ ബഹളത്തെ തുടർന്നു വിദ്യാർത്ഥികൾ എവിടെയെല്ലാമാണ്" സത്യാഗ്രഹങ്ങൾ ആരംഭിച്ചതു" ;

(ഡി) ഓരോ ദിക്കിലും സത്യാഗ്രഹങ്ങൾ ആരംഭിച്ചതും അവസാനിച്ചതും എന്നു" ;

(ഇ) പ്രസ്തുത സത്യാഗ്രഹികൾ ആർ ; എന്തെല്ലാം വ്യവസ്ഥകളിന്മേലാണ്" അവസാനിപ്പിച്ചതു" ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) നാലു"

(ബി) വെളിവായി കഴിഞ്ഞിട്ടില്ല.

(സി), (ഡി), (ഇ) ഗവമ്മെണ്ടിനു" അറിവില്ല.

മിസ്റ്റർ. പി. നാരായണമേനോൻ: ആഗസ്റ്റ 4 ൽ-ാംനു- മഹാരാജാസ്സുകോളേജിലുണ്ടായ ബഹളങ്ങളെ തുടർന്നുണ്ടായ സംഭവങ്ങൾ എന്തെല്ലാമെന്നു ഗവമ്മെണ്ടിനറിയാമോ?

മിസ്റ്റർ. പി. ഗോവിന്ദമേനോൻ: അതിനുശേഷം പല സംഭവങ്ങളും ഉണ്ടായിട്ടുണ്ട്".

മിസ്റ്റർ. പി. നാരായണമേനോൻ: അതിനുശേഷം സത്യാഗ്രഹം ഉണ്ടായതായി അറിയാമോ?

മിസ്റ്റർ. പി. ഗോവിന്ദമേനോൻ: സത്യാഗ്രഹം എന്നുപറയുന്നതിന്റെ അർത്ഥം എന്താണെന്നു വ്യക്തമാക്കിയാൽ പറയാം.

മിസ്റ്റർ. പി. നാരായണമേനോൻ: കോളേജിന്റെ ഗേറ്റുകൾ മറ്റുകുട്ടികളെ അകത്തുകടത്താതെ തടസ്സംചെയ്യുനിർത്തുക; അതുപോലെ പ്രധിഷേധംകാണിക്കുന്നതിനു കോളേജിലും മറ്റു ചിലതുടെപടിക്കലും പോയിഎഴുനേറ്റുപോകാതെ ഇരിക്കുക ഇങ്ങിനെയുള്ള പ്രവർത്തിയെ എന്റെഭാഷയിൽ സത്യാഗ്രഹം എന്നുപറയും. അതു അവിടെ ഉണ്ടായിട്ടുണ്ടോ എന്നാണു ചോദിക്കുന്നതു".

മിസ്റ്റർ. പി. ഗോവിന്ദമേനോൻ: അതാണു സത്യാഗ്രഹം എന്നുള്ളതിനർത്ഥമെങ്കിൽ അങ്ങിനെ ചിലതു ഉണ്ടായിട്ടുണ്ട്".

മിസ്റ്റർ. പി. കുമാരനെഴത്തച്ഛൻ: ഇല്ല എന്നുപറഞ്ഞുവല്ലോ; സത്യാഗ്രഹത്തെ ഏതർത്ഥത്തിൽ ഉദ്ദേശിച്ചിട്ടാണു ഇല്ല എന്നുപറഞ്ഞതു"?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ. പി. ഗോവിന്ദമേനോൻ: സത്യഗ്രഹം എന്നവാക്കു, മഹാത്മാഗാന്ധിയുണ്ടാക്കീട്ടുള്ളതാണു: അദ്ദേഹം അതിനു ചിലനിർവ്വചനങ്ങളും കൊടുത്തിട്ടുണ്ടു്. അതനുസരിച്ചല്ല ഇവിടെ ഉണ്ടായ സത്യാഗ്രഹം.

മിസ്റ്റർ. പി കുമാരനെഴുത്തച്ഛൻ: സത്യാഗ്രഹമെന്നുപറഞ്ഞാൽ അത്രമെന്താണു?

മിസ്റ്റർ. പി. ഗോവിന്ദമേനോൻ: സത്യാഗ്രഹംഎന്നുപറഞ്ഞാൽ, സത്യത്തെ ഗ്രഹിക്കുക എന്നാണർത്ഥം.

മിസ്റ്റർ. പി. കുമാരനെഴുത്തച്ഛൻ: നിങ്ങളും ഇല്ല എന്നു പറയുകയുണ്ടായല്ലോ. ഈ സത്യാഗ്രഹം ഏതർത്ഥത്തിലുള്ള സത്യാഗ്രഹമാണു?

മിസ്റ്റർ. പി. ഗോവിന്ദമേനോൻ: ഇല്ല എന്നുപറഞ്ഞിട്ടില്ല.

മിസ്റ്റർ. പി. കുമാരനെഴുത്തച്ഛൻ: കോളേജിലും, പ്രൈമിനിസ്റ്ററുടെ വീട്ടിലും, പോലീസുസ്റ്റേഷനിലും, തൃശ്ശൂരിൽ, കൊച്ചിയിലെ രാഷ്ട്രപതിയെന്നറിയപ്പെട്ടിരുന്ന മിസ്റ്റർ ഇക്കണ്ടവാര്യരുടെ പടിക്കലും, വിദ്യർത്ഥികളും നിരാഹാരവ്രതമനുഷ്ഠിച്ചതായി ഗവമ്മെണ്ടിനറിവുണ്ടോ?

മിസ്റ്റർ. പി. ഗോവിന്ദമേനോൻ: അങ്ങിനെ ചെയ്തുകയുണ്ടായി എന്നു ഗവമ്മെണ്ടിനു റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ടു്.

മിസ്റ്റർ. പി. കുമാരനെഴുത്തച്ഛൻ: ഈ നാലുസ്ഥലങ്ങളിൽ വിദ്യാർത്ഥികളും സത്യാഗ്രഹം അനുഷ്ഠിച്ചതായി പ്രൈമിനിസ്റ്റർ നേരിട്ടു കണ്ടിട്ടുണ്ടോ?

മിസ്റ്റർ. പി. ഗോവിന്ദമേനോൻ: ഉവ്വു്.

മിസ്റ്റർ. പി. നാരായണമേനോൻ: ഇങ്ങിനെ നാലുസ്ഥലങ്ങളിൽ വിദ്യാർത്ഥികളും സത്യാഗ്രഹമനുഷ്ഠിച്ചതായി പറഞ്ഞുവല്ലോ. ഇതവസാനിച്ചതെന്നാണു?

മിസ്റ്റർ. പി. ഗോവിന്ദമേനോൻ: തീയതി കൃത്യമായിപറയാൻ സാധ്യമല്ല. സെപ്തമ്പർ ഒടുവിലാണെന്നതോന്നുന്നു.

മിസ്റ്റർ. പി. നാരായണമേനോൻ: അതു അവസാനിച്ചതു വിദ്യാർത്ഥികളും, മറ്റാരെങ്കിലും തമ്മിൽ എന്തെങ്കിലും കരാർ ചെയ്തിട്ടാണോ?

മിസ്റ്റർ. പി. ഗോവിന്ദമേനോൻ: ഗവമ്മെണ്ടിനറിവില്ല.

മിസ്റ്റർ. പി. നാരായണമേനോൻ: പ്രധാനമന്ത്രിയുടെ മുമ്പിൽവച്ചു മിസ്റ്റർ. കെ. പി. മാധവൻനായരും, മിസ്റ്റർ.പുതൂർ അച്ചുതമേനവനുംകൂടി അവരെ നിരുപാധികമായി കോളേജിൽ പ്രവേശിപ്പിച്ചുകൊള്ളാം എന്നു ഉഭയകക്ഷികരും യോജിച്ചു എഴുതി വാങ്ങിയ ഒരു എഗ്രമേൻറ് കൈമാറിയശേഷമാണു്, നിരാഹാരവ്രതമവസാനിപ്പിച്ചതു് എന്നു പറഞ്ഞുകേൾക്കുന്നതിൽ വല്ല പരമാർത്ഥവുമുണ്ടോ?

മിസ്റ്റർ. പി. ഗോവിന്ദമേനോൻ: ഇല്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: I am putting a suggestion to the President. I am suggesting this, Sir.

Mr. Parambi Lonappen *(Irinjalakkada)*: Sir, this question, which has been partly answered, may be finished and the other questions taken up afterwards.

Mr. President: Questions 14, 15 and 16 are connected ones. Mr. Lonappan has been authorised to put them.

Mr. Parambi Lonappen *(Irinjalakkuda)* My submission is this. This question of Mr. Narayana Menon—No. 14—is almost answered and I don't want to intervene. So the answers to this question may be finished.

Mr. President: Yes.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Sir, I withdraw my suggestion.

മിസ്റ്റർ എ. ഈച്ചരമേനോൻ: നിരാഹാരവ്രതം സത്യാഗ്രഹത്തിൽ പെടുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മഹാത്മാഗാന്ധിയുടെ ഈയിടെയുള്ള ഒരു സ്റ്റേറ്റുമെൻറ് അനുസരിച്ചു നിരാഹാരവ്രതം സത്യാഗ്രഹമല്ല.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: മിനിസ്റ്ററുടെ സമ്മതത്തോടും അറിവോടുംകൂടി വല്ല എഗ്രിമേൻറും ചെയ്തിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. കെ. തോമക്കുട്ടി: വിദ്യാർത്ഥികൾ നിരാഹാരവ്രതമവസാനിപ്പിച്ചതു് അവരുടെ ആവശ്യങ്ങൾ പൂർത്തീകരിച്ചതിനുശേഷമാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനെപ്പറ്റി ഗവൺമെണ്ടിനറിവില്ല. അതു അവരോടുതന്നെ ചോദിച്ചാലെ അറിയുവാൻ സാധിക്കുകയുള്ളൂ.

മിസ്റ്റർ കെ. ടി. അച്യുതൻ: ഇതു അവസാനിപ്പിക്കാൻ ഗവൺമെണ്ടിടപെട്ടിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വിദ്യാർത്ഥികളാണു ഇതിനപേക്ഷിയ്ക്കേണ്ടതു്. മദ്രാസ്സ്യുണിഷേവ്സിറ്റിതിരുമാനിയ്ക്കേണ്ട വിഷയമാണിതു് ഇതു ഗവൺമെണ്ടു പ്രസ്സനോട്ടവഴിയും മറ്റും വിശദീകരിച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഗവൺമെണ്ടിന്റെ അറിവോടുകൂടി പ്രജാമണ്ഡലംപാർട്ടിയിൽനിന്നു മിസ്റ്റർ കെ. പി. മാധവൻനായരും പ്രജാമണ്ഡലം കൌൺസിൽപാർട്ടി ഡപ്യൂട്ടിലീഡർ മിസ്റ്റർ പുത്തൂർ അച്യുതമേനവനുംകൂടി ഒരു കരാർ കൊടുത്തുവെന്നു പറഞ്ഞു കേൾക്കുന്നതു ശരിയാണോ?

മിസ്റ്റർ പി. ഗോവിന്ദമോനോൻ: അല്ല.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അവർ എന്തെങ്കിലും മദ്ധ്യസ്ഥതപറഞ്ഞിട്ടുണ്ടോ?

മസ്റ്റർ പി. ഗോവിന്ദമേനോൻ: അവർ ചില ഉപദേശങ്ങൾ കൊടുത്തിട്ടുണ്ടു്.

Mr. K. Balakrishna Menon *(Cheruthuruthi)*: We want to know whether that is a fact or not.

Mr. P. Govinda Menon *(Prime Minister)*: No. It is not a fact.

Mr. K. Balakrishna Menon *(Cheruthuruthi)*: That is to say that Mr. Achyuta Menon and Mr. Madhavan Nayar have not undertaken. Has it come to the knowledge of the Government, Sir, what are the terms thereof?

Mr. P. Govinda Menon *(Prime Minister)*: No, Sir.

15. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

ആഗസ്റ്റ് ൧൪-ം, ൧൫-ം തിയ്യതികളിൽ മഹാരാജാസ് കോളേജിലുണ്ടായ കുഴപ്പങ്ങളും ബഹളങ്ങളും ബഹിഷ്കരണങ്ങളും സംബന്ധിച്ചു ഗവൺമെണ്ടു കോളേജു പ്രിൻസിപ്പാളിനു് അയച്ചിട്ടുള്ള കല്പനകളും അനുബന്ധമായി ചേർക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

പോലീസ് അന്വേഷണത്തിലിരിക്കുന്ന പല സംഗതികളും ഉള്ളതിനാൽ അതിനു നിവർത്തിയില്ല.

16. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) മഹാരാജാസ് കോളേജിൽ നാട്ടിയിരുന്ന കൊച്ചിപതാക കുറെ വിദ്യാർത്ഥികൾ താഴെ വലിച്ചിറക്കി പിച്ചിചീന്തി കുഴിച്ചിട്ടു എന്നു കേൾക്കുന്നതു ശരിയാണോ;

(ബി) ഇതിനെപ്പറ്റി പ്രിൻസിപ്പാളിന്റെ റിപ്പോർട്ടു ഗവൺമെണ്ടിലേക്കു കിട്ടിയുണ്ടായോ;

(സി) കൊച്ചിയുടെ ദേശീയ പതാകയെ അപമാനിച്ചവരുടെ പേരിൽ വല്ല നടപടിയും നടത്തുകയുണ്ടായോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) (ബി) (സി) ഈ സംഭവങ്ങളും മറ്റും അന്വേഷണത്തിലിരിക്കുന്നതുകൊണ്ടു് ഇതിനെപ്പറ്റി ഇപ്പോൾ പ്രതിപാദിക്കുന്നതു ശരിയല്ല.

മിസ്സിസ്സ് കെ. എം. ജോർ മേനോൻ: പോലീസ് അന്വേഷണം എന്നേയ്ക്കു കഴിയും?

റാവുബഹദൂർ. ടി. കെ. നായർ: കൃത്യമായി പറയുവാൻ സാദ്ധ്യമല്ല, വളരെവേഗത്തിൽ കഴിയ്ക്കും.

മിസ്സിസ്സ് കെ. എം. ജോർ. മേനോൻ: ഇതു സ്റ്റുഡൻസിന്റെ കാര്യമായതുകൊണ്ടു് താമസംവന്നാൽ വലിയവിക്ഷോഭമാകും. അതുകൊണ്ടു ചോദിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly